പതിനാലാം കേരള നിയമസഭ

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3325      22.08.2017-ൽ മറുപടിയ്ക്ക്

## വിവരാവകാശനിയമപ്രകാരമുള്ള പകർപ്പുകൾക്ക് ഓഫീസിൽ ഹാജരാകാനുള്ള നിർദ്ദേശം

| | **ചോദ്യം**<br>**ശ്രീ. സി. മമ്മൂട്ടി** | | **ഉത്തരം**<br>**ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|---|
| (എ) | വിവരാവകാശ നിയമപ്രകാരം രേഖകളുടെ പകർപ്പുകൾ ആവശ്യപ്പെടുന്നവരോട് തിരിച്ചറിയൽ രേഖകളുമായി പ്രസ്തുത ഓഫീസിൽ ഹാജരാകണമെന്ന് ഓഫീസ് മേധാവികൾ ആവശ്യപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇങ്ങനെ എത്ര അപേക്ഷകർക്ക് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും മറുപടികൾ അയച്ചിട്ടുണ്ട്; ഒരു വർഷത്തെ കണക്കുകൾ വെളിപ്പെടുത്തുമോ; | (ബി) | മൂന്ന് കേസുകളിൽ തിരിച്ചറിയൽ രേഖ സഹിതം ഹാജരാകാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ നിന്നും ഒരു വർഷത്തിനുള്ളിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ആവശ്യപ്പെട്ട രേഖകളുടെ പകർപ്പുകൾ നൽകുന്നതിന് പകരം മന:പൂർവ്വം മറുപടി നൽകുന്നതിന് കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ? | (സി) | വിവരാവകാശ നിയമപ്രകാരം മറുപടി നൽകുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. മനഃപൂർവ്വം കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ കമ്മീഷൻ നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ